5

# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6 — 10-12-2012-ന് മറുപടി നൽകേണ്ടത്

**നൂറ് ദിന കർമ്മ പരിപാടി**

**ചോദ്യം** — **ഉത്തരം**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) — ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നൂറ്ദിന കർമ്മപരിപാടിയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (എ) | നൂറുദിന കർമ്മപദ്ധതിയിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ; | (ബി) | സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും വിവരാവകാശ അപേക്ഷാ ഫീസ് മണി ഓർഡറായി സ്വീകരിക്കും, കൊല്ലം, തൃശ്ശൂർ നഗരസഭകളിൽ വികസന അതോറിറ്റികൾ, കോഴിക്കോട് വികസന അതോറിറ്റി, സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സിക്ക്, ഉന്നത സ്വാശ്രയ കോളേജുകൾക്ക് എൻ.ഒ.സി, വിപുലമായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവ ഒഴികെ നൂറുദിന കർമ്മപദ്ധതിയിൽ ലക്ഷ്യമിട്ട 107-ൽ 101 പദ്ധതികളും നടപ്പാക്കുകയോ ആരംഭിക്കുകയോ ചെയ്തിട്ടുണ്ട്. |
| (സി) | ഇതിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭം കുറിച്ചിട്ടുള്ള ഏതൊക്കെ പദ്ധതികളാണുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ; | (സി) | സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, തലസ്ഥാന നഗര വികസന പദ്ധതികൾ, എന്നിവയാണ് മുൻ സർക്കാർ തുടക്കംകുറിച്ചതും നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നതുമായ പദ്ധതികൾ. ഇതിൽ സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് തുടക്കം കുറിച്ചത് |
| (ഡി) | പ്രസ്തുത കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ? | (ഡി) | സംസ്ഥാനത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കിയാണ് നൂറുദിന കർമ്മപരിപാടി വിഭാവനം ചെയ്തിരുന്നത്. ജില്ലാടിസ്ഥാനത്തിലുള്ള പദ്ധതികളല്ല ഇതിൽ ഉൾപ്പെടുത്തിയിരുന്നത്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ